**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4616** **10-08-2021 - ൽ മറുപടിയ്ക്ക്**

**കെ-സ്വിഫ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ഷാഫി പറമ്പിൽ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര സർവ്വീസുകൾ കെ-സ്വിഫ്റ്റ് കമ്പനിയിലേക്ക് മാറ്റുമ്പോൾ പ്രധാന വരുമാന സ്രോതസ്സ് ഇല്ലാതാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദീർഘദൂര സർവ്വീസുകൾ കെ-സ്വിഫ്റ്റിലേക്കു മാറ്റുന്നതോടെ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന ചെലവിൽ ഗണ്യമായ കുറവ് വരികയും, കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യങ്ങളും, അനുബന്ധ സേവനങ്ങളും ഉപയോഗിക്കുന്നതിനു പകരം ഉപയോക്തൃ ഫീസ് കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കുന്നതിനാലും കെ.എസ്.ആർ.ടി.സി.യെ പ്രതികൂലമായി ബാധിക്കില്ല. |
| (ബി) | പ്രസ്തുത കമ്പനിയിലേക്ക് നിയമനങ്ങൾ നടത്തുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് പത്തു വർഷത്തേക്കുള്ള ഒരു താത്ക്കാലിക കമ്പനി ആണ്. കെ.എസ്.ആർ.ടി.സി. – സ്വിഫ്റ്റിൽ എല്ലാ നിയമനങ്ങളും കരാർ അടിസ്ഥാനത്തിലായിരിക്കും. യാതൊരു വിധത്തിലുള്ള സ്ഥിര നിയമനങ്ങളും ഉണ്ടായിരിക്കുന്നതല്ല. |
| (സി) | ഈ കമ്പനിയിൽ കെ.എസ്.ആർ.ടി.സി. യിലെ സ്ഥിരം ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരുടെ സേവനം ആവശ്യമാകുകയാണെങ്കിൽ, കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ പ്രത്യേകം സേവന വേതന വ്യവസ്ഥകൾക്ക് വിധേയമായി സ്വിഫ്റ്റിൽ ഉപയോഗിക്കാൻ സാധിക്കും. |
| (ഡി) | കെ-സ്വിഫ്റ്റ് കമ്പനിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് വരുമാന സ്രോതസ്സ് നഷ്ടപ്പെടും എന്നത് കെ.എസ്.ആർ.ടി.സി. യെ കൂടുതൽ പ്രതിസന്ധിയിലാക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | കെ-സ്വിഫ്റ്റ് രൂപീകരണം കെ.എസ്.ആർ.ടി.സി.ക്ക് യാതൊരു വിധത്തിലുള്ള പ്രതിസന്ധിയും ഉണ്ടാക്കുകയില്ല. ദീർഘദൂര സർവ്വീസുകൾ കെ-സ്വിഫ്റ്റിലേക്കു മാറ്റുന്നതോടെ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന ചെലവിൽ ഗണ്യമായ കുറവ് വരികയും, കെ.എസ്.ആർ.ടി.സി.യുടെ സംവിധാനങ്ങൾ സ്വിഫ്റ്റിൽ ഉപയോഗിക്കുന്നതിനു പകരം ഉപയോക്തൃ |

| | | | |
|---|---|---|---|
| | | | ഫീസ് ലഭിക്കുകയും ചെയ്യുന്നതിനാൽ കെ.എസ്.ആർ.ടി.സി.ക്ക് യാതൊരു പ്രതിസന്ധിയും സൃഷ്ടിക്കില്ല. |

സെക്ഷൻ ഓഫീസർ